പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1140 — 13/06/2013 ൽ മറുപടിയ്ക്ക്

# ഭൂമിയുടെ റീസർവ്വേ പൂർത്തിയാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് 786 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) പൂർത്തിയായിട്ടില്ലാത്ത വില്ലേജുകളിൽ, കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) ജീവനക്കാരുടെ അപര്യാപ്തതയും, വകുപ്പിലെ ജീവനക്കാരെ തന്നെ എൽ.ആർ.എം. ജോലികൾക്കും സർക്കാർ ഇതര സ്പെഷ്യൽ സർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതു മൂലവും റീസർവ്വേ ജോലികൾ പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) അതിർത്തി നിർണ്ണയിച്ച് കിട്ടുന്നതിനായി സർവ്വേ ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട് എന്ന് പറയാമോ; | (സി) അതിർത്തി നിർണ്ണയിച്ച് കിട്ടുന്നതിന് സർവ്വേ ഓഫീസുകളിൽ തീർപ്പാക്കാൻ പരാതികൾ ഒന്നും ശേഷിക്കുന്നില്ല. |
| (ഡി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ഡി) 31/05/2010 ജി.ഒ; (എം.എസ്) 200/10/റവന്യൂ നമ്പർ ഉത്തരവു പ്രകാരം ഓരോ താലൂക്കിലേയും അഡീഷണൽ തഹസീൽദാർമാരാണ് റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളുടെ റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പു കൽപ്പിക്കുന്നത്. അപേക്ഷകൾ തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർ ഓഫീസുകളിലേയ്ക്ക് ആവശ്യമുള്ളത്ര സർവ്വേ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. സർവെ ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) എന്നീ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ റവന്യൂ, സർവെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് പ്രതിമാസ അവലോകനം നടത്തി നടപടി ത്വരിതപ്പെടുത്തുന്നുണ്ട്. വർക്ക്ഷോപ്പുകൾ നടത്തി കുടിശ്ശിക ഫയലുകളിൽ |

തീർപ്പുകൽപ്പിക്കുന്നു.

| | |
|---|---|
| (ഇ) റീസർവ്വേ നടത്തിയതും അല്ലാത്തുമായ ഭൂമി ഒരേസമയം തിട്ടപ്പെടുത്തേണ്ടി വരുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (ഇ) ഉണ്ട്. |
| (എഫ്) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എഫ്) റീസർവ്വേ നടന്നിട്ടില്ലാത്ത വില്ലേജുകളിലെ ഭൂമികൾ അതിർത്തി നിർണ്ണയിക്കുമ്പോൾ കൈവശ പ്രകാരമുളള സ്കെച്ചുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാലും പഴയ അതിർത്തികളും സർവ്വേ അടയാളങ്ങളും ഭൂരിഭാഗവും നിലവിലില്ലാത്തതിനാലും അതിർത്തി പുനഃസ്ഥാപനം കൃത്യതയോടെ നടത്താൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പഴയ റിക്കാർഡുകൾ റീഫിക്സ് ചെയ്ത് സർക്കാർ ഭൂമി നിലനിർത്തി പുതിയതായി വരുന്ന അതിർത്തികൾക്ക് റിക്കാർഡ് തയ്യാറാക്കി വരുന്നുണ്ട്. |
| (ജി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സർവ്വേയർമാരുടെ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | (ജി) 31/05/2010 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 200/10/റവന്യൂ പ്രകാരം നിലവിൽ അഡീഷണൽ തഹസീൽദാർക്ക് അധികാരം നൽകി പരാതികൾ പരിഹരിച്ചു വരുന്നു. അഡീഷണൽ തഹസീൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പരാതികളുടെ ബാഹുല്യത്തിനനുസരിച്ച് സർവെയർമാരെ നിയോഗിക്കുന്നുണ്ട്. പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ